# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 326 — 10.5.2017- ൽ മറുപടിയ്ക്ക്

## പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി. വി. അൻവർ<br>,, ജോർജ്ജ് എം തോമസ്<br>,, കെ. കുഞ്ഞിരാമൻ<br>,, ആർ. രാജേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | ഗൾഫ് നാട്ടുകളിൽ തൊഴിൽ ചെയ്തു വരുന്ന പ്രവാസി മലയാളികൾ ആഗോളമാന്ദ്യത്തിന്റെയും ദേശസാൽക്കരണത്തിന്റെയും ഫലമായി തൊഴിൽ സുരക്ഷിതത്വമില്ലാതെ കഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഗൾഫ് നാട്ടുകളിലെ സ്വദേശി വൽക്കരണം, ആഗോളമാന്ദ്യം എന്നിവയുടെ ഫലമായി നിരവധി പ്രവാസി കേരളീയർ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരത്തിൽ മടങ്ങേണ്ടി വരുന്ന പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സർക്കാർ നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കൈതാങ്ങ് നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്തു ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, |

സൊസൈറ്റി തുടങ്ങിയവയെയുമാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നത്. പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നോർക്ക റൂട്സും കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായിഒപ്പു വയ്ക്കപ്പെട്ട ധാരണാ പത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നൽകിയാണ് ഈ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

| | |
|---|---|
| സി) തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്താൻ എന്തെല്ലാം നിലയിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നു; വായ്പകൾ ഉൾപ്പെടെയുള്ള പുനരധിവാസ പദ്ധതികൾ വിപുലപ്പെടുത്താൻ ബാങ്ക് അധികൃതരുമായി ചർച്ച നടത്തുമോ; വ്യക്തിപരമായും കൂട്ടായ്മയോടെയും ഉള്ള സംരംഭങ്ങൾ ശക്തിപ്പെടുത്താൻ സർക്കാർ നൽകാനുദ്ദേശിക്കുന്ന സഹായങ്ങൾ വിശദമാക്കുമോ? | സി) പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രൈമറി അഗ്രിക്കൾച്ചറൽ സൊസൈറ്റികൾ, കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുമായി സഹകരിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞു വരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച്, തിരിച്ചു വരുന്ന പ്രവാസികൾക്ക് വിവിധ മേഖലകളിൽ ഹ്രസ്വകാല പരിശീലനം നല്കി ചെറുകിട സംരംഭങ്ങൾ തുടങ്ങാനോ സ്വയം തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്താനോ ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

താഴെപ്പറയുന്ന സേവനങ്ങളാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ചെയ്യാൻ ഉദ്ദേശിക്കുന്നത്.

1. അപേക്ഷകർക്ക് സംരംഭക മേഖലയിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശം നല്കുക.

2. പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.

3.പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.

4. അപേക്ഷകർക്ക് സംരംഭം തുടങ്ങുന്നതിന് വേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശം നല്കുക.

സെക്ഷൻ ഓഫീസർ